>> കാലം സാക്ഷി



# നേതാവിന് സത്യം ബോധ്യമായപ്പോൾ

**കുഞ്ഞിമുഹമ്മദ് വളാഞ്ചേരി**

**നബി(സ)യും** ഏതാനും അനുയായികളും മദീനാ പള്ളിയിലായിരുന്ന സമയം. അപരിചിതനായ ഒരാൾ പള്ളി ലക്ഷ്യമാക്കിവരുന്നത് കണ്ടു. അദ്ദേഹത്തിന്റെ തിങ്ങിനിറഞ്ഞു ജഡകെട്ടിയ തലമുടി ഇരുവശത്തേക്കും പിരിച്ചു കെട്ടിയിട്ടുണ്ടായിരുന്നു. നബി(സ)ക്കും അനുയായികൾക്കും അദ്ദേഹത്തെ പരിചയമില്ല. അദ്ദേഹവും ഇതിനുമുമ്പ് നബി(സ)യെ കണ്ടിട്ടില്ല. ഒട്ടകത്തെ മുട്ടുകുത്തിച്ചു കെട്ടിയിട്ട ശേഷം അദ്ദേഹം അവിടെ കൂടിയിരുന്നവരെ നോക്കി ചോദിച്ചു: 'മുഹമ്മദ് എന്ന ആൾ ഇവിടെയുണ്ടോ?'

'ഉണ്ട്; ഇതാ ഈയിരിക്കുന്ന വെളുത്ത ആൾ തന്നെ' - സദസ്യർ മറുപടി പറഞ്ഞു.

ആഗതൻ: 'അബ്ദുൽ മുത്ത്വലിബിന്റെ പൗത്രൻ മുഹമ്മദിനെയാണ് ഞാൻ അന്വേഷിക്കുന്നത്.'

'അതെ, ഞാൻ തന്നെയാണ് അബ്ദുൽമുത്ത്വലിബിന്റെ പൗത്രൻ മുഹമ്മദ്' - നബി(സ) എണീറ്റു മറുപടി പറഞ്ഞു.

ആഗതൻ: 'അബ്ദുൽമുത്ത്വലിബിന്റെ പൗത്രാ, ചില കാര്യങ്ങൾ അന്വേഷിക്കാനാണ് ഞാൻ വന്നിട്ടുള്ളത്. അവക്ക് തൃപ്തവും കണിശവുമായ മറുപടി കിട്ടേണ്ടതുണ്ട്. മനസ്സിൽ വിഷമമൊന്നും തോന്നരുത്.'

'അറിയേണ്ടതെല്ലാം ചോദിച്ചോളൂ' - പ്രവാചകൻ അനുവാദം കൊടുത്തു.

ആഗതൻ: 'നിന്റെയും നിനക്കുമുമ്പ് കഴിഞ്ഞുപോയവരുടെയും ശേഷം വരാനിരിക്കുന്നവരുടെയും റബ്ബായ അല്ലാഹുവിനെ സാക്ഷിയാക്കി ഞാൻ ചോദിക്കുന്നു, അല്ലാഹുവാണോ നിന്നെ ഞങ്ങളിലേക്ക് ദൂതനായി നിയമിച്ചത്.'

'അതെ, അല്ലാഹുവാണ്' - നബിയുടെ മറുപടി.

'എങ്കിൽ നിന്റെയും നിനക്കു മുമ്പ് കഴിഞ്ഞുപോയവരുടെയും ഇനി വരാനിരിക്കുന്നവരുടെയും റബ്ബായ അല്ലാഹുവിനെ മുൻനിർത്തി മറ്റൊരു ചോദ്യം, ഞങ്ങൾ അല്ലാഹുവിന് മാത്രമേ ഇബാദത്ത് ചെയ്യാവൂ എന്നും മറ്റാരെയും പങ്കാളിയാക്കൽ അനുവദനീയമല്ലെന്നും ഞങ്ങളുടെ പിതാക്കൾ അവനോടൊപ്പം ആരാധിച്ചുവന്നിരുന്ന പങ്കാളികളെ വർജിക്കണമെന്നും ഞങ്ങളോട് കൽപിക്കാൻ അല്ലാഹു നിന്നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ'?

മറുപടി: 'അതെ.'

'നിന്റെയും നിനക്കുമുമ്പ് കഴിഞ്ഞുപോയവരുടെയും ഇനിവരാനിരിക്കുന്നവരുടെയും റബ്ബിനെ സാക്ഷിയാക്കി ചോദിക്കട്ടെ, ഞങ്ങൾ അഞ്ചു നേരങ്ങളിൽ നമസ്കരിക്കണമെന്ന്

അല്ലാഹു കൽപിച്ചിട്ടുണ്ടോ?'

'ഉണ്ട്' - നബി പറഞ്ഞു.

പിന്നെ അദ്ദേഹം സകാത്ത്, വ്രതം തുടങ്ങി മറ്റു കർമങ്ങളെക്കുറിച്ചും ഹറാം-ഹലാലുകളെക്കുറിച്ചും ചോദ്യങ്ങളുന്നയിച്ചു. നബി(സ) വ്യക്തമായ മറുപടിയും നൽകി. ഒടുവിൽ അദ്ദേഹം ഉറക്കെ ശഹാദത്ത് കലിമ ഉച്ചരിച്ചു വിശ്വാസിയായി.

അദ്ദേഹം സ്വയം പരിചയപ്പെടുത്തി. 'എന്റെ പേര് ദിമാം ഇബ്നു സഅ്ലബ. സഅ്ദുബ്നു ബക്ർ ഗോത്രത്തിന്റെ പ്രതിനിധിയായാണു ഞാൻ വന്നിട്ടുള്ളത്. താങ്കൾ പറഞ്ഞതത്രയും ഞാൻ അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. കൽപിച്ചതത്രയും നിർവിഘ്നം നിർവഹിക്കുന്നതാണ്. നിരോധിത കാര്യങ്ങളിൽനിന്ന് അകന്നുനിൽക്കുകയും ചെയ്യും. നിർദേശിച്ച കാര്യങ്ങളിൽ അശേഷം കൂടുകയോ കുറക്കുകയോ ഇല്ല.' - ഇത്രയും പറഞ്ഞ് അയാൾ തന്റെ ഒട്ടകപ്പുറത്ത് കയറി യാത്രയായി. നബി(സ) പറഞ്ഞു: 'പറഞ്ഞതെല്ലാം അപ്പടി പ്രാവർത്തികമാക്കുമെങ്കിൽ അദ്ദേഹം സ്വർഗസ്ഥൻ തന്നെ.'

സ്വദേശത്ത് തിരിച്ചെത്തിയതും അയാൾ നാട്ടുകാരെ വിളിച്ച് ഇപ്രകാരം പറഞ്ഞു: 'ലാത്തയും ഉസ്സയും മോശം മോശം.' (അന്നാട്ടുകാർ ആരാധനകൾ അർപ്പിച്ചുവന്നിരുന്ന രണ്ട് പ്രധാന വിഗ്രഹങ്ങളായിരുന്നു അവ). ജനങ്ങൾ പറഞ്ഞു: 'അയ്യോ അരുത്. അങ്ങനെ പറയരുത്. ഭ്രാന്തും പാണ്ഡും കുഷ്ഠവും പിടികൂടലായിരിക്കും അനന്തരഫലം.'

അദ്ദേഹം പറഞ്ഞു: 'ഒരാൾക്കും യാതൊരു ഉപകാരവും ഉപദ്രവവും ചെയ്യാൻ കഴിയാത്തവയാണ് അവ രണ്ടുമെന്ന് നിങ്ങൾക്കെന്താ അറിഞ്ഞുകൂടേ?.' അദ്ദേഹം തുടർന്നു: 'അല്ലാഹു നമ്മെ നേർവഴിക്കാനയിക്കാനായി ഒരു ദൂതനെ പറഞ്ഞുവിട്ടിട്ടുണ്ട്. ഗ്രന്ഥവും കൊടുത്തയച്ചിട്ടുണ്ട്. ആ ഗ്രന്ഥവും ദൂതനുമായിരിക്കണം നമ്മുടെ ദൈനംദിന ജീവിതത്തിലെ മാർഗദർശി.' ഇത്രയും പറഞ്ഞു അവർക്കു മുമ്പാകെ അദ്ദേഹം തന്റെ ആദർശവാക്യം ഉരുവിട്ടു.

'അതെ, ആ പ്രവാചകനിൽനിന്ന് ഞാൻ നേരിട്ടു പഠിച്ചുവരികയാണ്. ഏറെ കാര്യങ്ങൾ ആജ്ഞാപിക്കുകയും കുറെകാര്യങ്ങൾ നിരോധിക്കുകയും ചെയ്തിട്ടുണ്ട് അദ്ദേഹം.'

ദിമാമിന്റെ പ്രബോധനം ഫലിച്ചു. ആ ഒരൊറ്റ നാളിൽതന്നെ ഗോത്രത്തിലെ സ്ത്രീകളും പുരുഷന്മാരും ഒന്നൊഴിയാതെ ഇസ്ലാം ആശ്ലേഷിച്ചു.

ഹിജ്റ ഒമ്പതാം വർഷത്തിന്റെ തുടക്കത്തിൽ നബി(സ)യെ നേരിൽ കാണാനും ഇസ്ലാം ആശ്ലേഷിക്കാനുമായി അറേബ്യയുടെ നാനാദിക്കുകളിൽനിന്നും ജനങ്ങൾ മദീനയിൽ എത്തിച്ചേരുക പതിവായിരുന്നു. കൂട്ടത്തിൽ സഅ്ദുബ്നു ബക്ർ ഗോത്രത്തെ പ്രതിനിധീകരിച്ചുവന്നതായിരുന്നു ദിമാം ഇബ്നു സഅ്ലബ.

ഇങ്ങനെ വിവിധ പ്രദേശങ്ങളിലായി വ്യാപിച്ചു കിടന്നിരുന്ന ഗോത്രവർഗങ്ങളുടെ തലവന്മാരും പ്രമുഖ വ്യക്തികളും ഉൾപ്പെട്ട ഒട്ടേറെ സന്ദർശക സംഘങ്ങൾ നിരന്തരം നബി(സ)ക്ക് ബൈഅത്ത് ചെയ്യാനായി എത്തിച്ചേർന്നിരുന്നതിനാൽ പ്രതിനിധിസംഘങ്ങളുടെ വർഷം (ആമുൽ വുഫൂദ്) എന്ന പേരിലാണ് ഹിജ്റ ഒമ്പതാം വർഷം അറിയപ്പെട്ടത്. അടുത്ത വർഷം നബി(സ) ലക്ഷത്തിൽപരം അനുയായികളോടൊപ്പം ഹജ്ജ് നിർവഹിക്കുമ്പോൾ അറേബ്യൻ ഉപഭൂഖണ്ഡത്തിലെവിടെയും വിഗ്രഹാരാധന നടത്തുന്ന ഗോത്രങ്ങൾ ഉണ്ടായിരുന്നില്ല. ■